റബ്ബറിന്റെ വിലയിടിവുതന്നെ. അതിലെ ഏതെങ്കിലും ഭാഗീകമായിട്ടുള്ള ഒരു പ്രശ്നം സബ്മിഷനായിട്ട് ഉന്നയിക്കണമെങ്കിൽ അപാകതയൊന്നുമില്ല. പക്ഷേ ഈ പ്രശ്നത്തിൻമേൽ അടിയന്തിര പ്രമേയത്തിന് ഒരു സ്കോപ്പുമില്ലെന്നുള്ള കാര്യം പരിപൂർണ്ണമായും ചെയർ റൂൾ ഔട്ട് ചെയ്യുന്നു. അടിയന്തിര പ്രമേയത്തിന്റെ ഒരു നോട്ടീസ് ചെയറിന് ലഭിച്ചുകഴിഞ്ഞാൽ സാധാരണ നമ്മുടെ നടപടിക്രമമനുസരിച്ച് അത് മെൻഷൻ ചെയ്യാൻ ഇവിടെ അനുവദിക്കാറുണ്ട്. ..... (തടസ്സം) ..... ചെയർ പറയുന്നത് കേൾക്കുക. എന്നാൽ ആ പരിഗണനയിലും അദ്ദേഹത്തിന്റെ അടിയന്തിര പ്രമേയം ചെയർ പരിഗണിച്ചില്ല. ഇന്ന് സഭ അവസാനിക്കുന്ന ദിവസമാണ്. ഇനി ഈ വിഷയം അടുത്ത കാലത്തൊന്നും ഉന്നയിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്ക് ഒരു കത്തും നൽകിയിട്ടുണ്ട്. കാരണം എന്തെങ്കിലുമൊരു പ്രശ്നം ഈ സഭയിൽ പറയണമെങ്കിൽ മറ്റൊരു അവസരവുമില്ല. ഇതെല്ലാംകൂടി പരിഗണിച്ചുകൊണ്ട് ചെയറിന്റെ അധികാരപരിധിയിൽവരുന്ന കാര്യമെന്നുള്ള നിലയിൽ, ആ ഒരു കാര്യം ഉന്നയിക്കുന്നതിനു വേണ്ടി മാത്രമാണ് അനുവദിക്കുന്നത്. അതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ല. അതിനുവേണ്ടി മാത്രമാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞത് ഈ ദിവസം നിയമസഭയുടെ ചരിത്രത്തിൽ കറുത്ത ദിനമെന്നാണ്. അത് രേഖയിൽ കാണുമോ?

<u>മി. സ്പീക്കർ</u> : അത് അദ്ദേഹം പറഞ്ഞുവെന്ന് ചെയർ വിശ്വസിക്കുന്നില്ല. അത് അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിൽ രേഖയിലുണ്ടാകാനും പാടില്ല. അദ്ദേഹത്തെപ്പോലുള്ള ഒരാൾ അങ്ങനെ പറയുകയില്ല. പറഞ്ഞിട്ടുണ്ടെങ്കിൽ രേഖയിലുണ്ടാകാനും പാടില്ല.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. ടി. ശിവദാസമേനോൻ</u>) : സർ, ഞാൻ പറഞ്ഞത് തെറ്റിദ്ധരിക്കരുത്. ഇന്നലെ മൂന്നുനാലു പ്രാവശ്യം ഡിസ്കസ് ചെയ്ത ഒരു കാര്യം രണ്ടാമത് കൊടുത്തിട്ടുണ്ടെങ്കിൽ അത് നമ്മുടെ പ്രൊസീഡ്യൂവറിന്റെ കറുത്ത ദിനമായിരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അത് പിൻവലിക്കുന്നു.

III. സബ്മിഷൻ

(1) റബ്ബറിന്റെ വിലയിടിവ്

<u>ശ്രീ. കെ.എം. മാണി</u> : സർ, സംസ്ഥാനത്തിലെ ഒൻപത് ലക്ഷം റബ്ബർ കൃഷിക്കാരുടെ കണ്ണുനീർ കാണാൻ കഴിയാത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടാണ് കറുത്ത ദിനം. ഇവിടെ ഒരുപാട് ചർച്ച നടന്നുവെന്നാണ് പറയുന്നത്. കഴിഞ്ഞ മൂന്നു വർഷമായി 1996 മുതൽ ഈ സഭയിൽ ഇടയ്ക്കിടെ പീരിയോഡിക്കലായി ഈ ചർച്ച നിരവധി പ്രാവശ്യം വരികയുണ്ടായി. എന്തുകൊണ്ട് എന്നും ചർച്ചചെയ്യുന്നു? ഇതുവരെ ചർച്ചചെയ്തിട്ട് റബ്ബറിന്റെ വിലയിടിവിനെ പ്രതിരോധിക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടിയെടുത്തില്ലെന്നുള്ളതാണ് വാസ്തവം. അതാണ് ഞങ്ങൾ വീണ്ടും സബ്മിഷനുമായി ഇവിടെ നിൽക്കാൻ കാരണം.

<u>മി. സ്പീക്കർ</u> : അങ്ങ് വീണ്ടും അത് പരാമർശിക്കേണ്ട കാര്യമില്ല. പുതുതായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയുക.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാൻ ഒരു കാര്യം പറയുന്നത് ഇവിടെ ആകെ സംഭരിച്ചത് .....

<u>മി. സ്പീക്കർ</u> : അങ്ങയെപ്പോലെ സീനിയറായിട്ടുള്ള ഒരാൾ നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും ലംഘിക്കരുത്.

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാൻ റൂളിനകത്തുനിന്ന് സംസാരിക്കുകയാണ്. ഈ ഗവൺമെന്റ് ഇതുവരെ സംഭരിച്ചത് 38,268 ടൺ റബ്ബർ ആണ്.

<u>മി. സ്പീക്കർ</u> : ഇന്നലെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മൂന്നാം വായനയിൽ പറഞ്ഞതും ഈ കാര്യമാണ്. അതേ കാര്യമാണ് അങ്ങ് പറയുന്നതെന്ന് ഓർമ്മിച്ചുകൊള്ളണം.

<u>ശ്രീ. കെ.എം. മാണി</u> : 23.6.99-ലെ 376-ാം നമ്പർ ചോദ്യത്തിനുത്തരമായി ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് 38268 ടൺ റബ്ബർ മാത്രമാണ് സംഭരിച്ചതെന്നാണ്. അതിൽ 23903 ടൺ മാർക്കറ്റിംഗ് ഫെഡറേഷനും 7000 ടൺ റബ്കോയും സംഭരിച്ചു. ഒന്നരലക്ഷം ടൺ മാർക്കറ്റിൽ കെട്ടിക്കിടക്കുമ്പോൾ 38,000 ടൺ മാത്രം സംഭരിച്ചാൽ ഇവിടത്തെ റബ്ബർ കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കപ്പെടുമോ? സബ്സ്റ്റാൻഷ്യലായിട്ടുള്ള ക്വാണ്ടിറ്റി സംഭരിച്ച് ബഫർ സ്റ്റോക്ക് വച്ചിരുന്നുവെങ്കിൽ റബ്ബറിന്റെ വിലയിടിവ് ഒരു പരിധിവരെ നമുക്ക് നിയന്ത്രിക്കാൻ കഴിയുമായിരുന്നു. ഇഫക്ടീവ് ആയിട്ട് പ്രൊക്യൂവർമെന്റ് നടത്തുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെടുകയുണ്ടായി. അതുപോലെതന്നെ വിപണന ഏജൻസികളുടെ നഷ്ടം നികത്തിക്കൊടുക്കുമെന്ന് മധുരമായി പ്രസ്താവിച്ചതാണ്. കയറ്റുമതിനഷ്ടം നികത്തിക്കൊടുക്കും, പ്രൊക്യൂവർമെന്റ് നഷ്ടം നികത്തിക്കൊടുക്കുമെന്ന് പറഞ്ഞ് 28.7.1997-ൽ ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. മാർക്കറ്റിംഗ് ഫെഡറേഷന് കമ്പോളവിലയേക്കാൾ രണ്ട് രൂപ കൂട്ടി റബ്ബർ സംഭരിക്കുവാൻ നിർദ്ദേശം കൊടുത്തു. 37 ലക്ഷം രൂപ അതിന് കുടിശ്ശികയായി ഈ ഗവൺമെന്റ് കൊടുക്കാനുണ്ട്. 24.10.97 -ൽ ഗവൺമെന്റ് വീണ്ടും ഒരു ജി.ഒ. പുറപ്പെടുവിച്ചു. അതായത് എസ്.ടി.സി.ക്ക് റബ്ബർ എടുത്തു കൊടുക്കാൻ മാർക്കറ്റിംഗ് ഫെഡറേഷനെ ഏജൻസിയായി നിശ്ചയിച്ചു. കമ്പോളവിലയേക്കാൾ രണ്ട് രൂപ കൂട്ടി മാർക്കറ്റിംഗ് ഫെഡറേഷൻ റബ്ബർ സംഭരിച്ചു. അതിൽ 1.34 കോടി രൂപ മാർക്കറ്റിംഗ് ഫെഡറേഷന് കൊടുത്തുതീർക്കാൻ ഉണ്ട്. ഞാൻ ഇത് പറയുന്നത് വിപണന ഏജൻസിക്ക് സാമ്പത്തിക പിൻബലം നൽകാതെ, വിപണന ഏജൻസിക്ക് നഷ്ടം നികത്തിക്കൊടുക്കുമെന്ന് പറഞ്ഞിട്ട് നഷ്ടം നികത്തിക്കൊടുക്കാതെ, അതിന് സാമ്പത്തികപിൻബലം കൊടുക്കാതെ പ്രൊക്യൂവർമെന്റ് ഇഫക്ടീവാക്കാൻ ഈ ഗവൺമെന്റിന് കഴിയുകയില്ല. അതിന്റെ ഫലമായിട്ട് ഇവിടത്തെ പ്രൊക്യൂവർമെന്റ് പരാജയപ്പെട്ടു. അതുപോലെതന്നെ ചൈനയിലേയ്ക്കും സിങ്കപ്പൂരിലേയ്ക്കും റബ്ബർ എക്സ്പോർട്ട് ചെയ്യുമെന്ന് പറഞ്ഞിട്ട് ഒരൊറ്റ കഷണംപോലും എക്സ്പോർട്ട് ചെയ്യാൻ കഴിഞ്ഞില്ല. ഇത് വളരെ സങ്കടകരമായ ഒരു കാര്യമാണ്. എനിക്കൊരൊറ്റ കാര്യമേ പറയാനുള്ളൂ. കേരളത്തിലെ റബ്ബർ കൃഷിക്കാരെ കുരങ്ങുകളിപ്പിക്കരുത്. അത് പാടില്ല. ഈ ഗവൺമെന്റ് 9 ലക്ഷം വരുന്ന റബ്ബർകൃഷിക്കാരെ ഈ നിലയിൽ പീഡിപ്പിക്കുന്നത് വളരെ തെറ്റായ ഒരു കാര്യമാണ്. ഞങ്ങൾക്ക് വളരെയധികം പ്രതിഷേധം ഇക്കാര്യത്തിലുണ്ട്. അതുകൊണ്ട് റബ്ബർ പ്രൊക്യൂവർമെന്റ് ഇഫക്ടീവാക്കണം. കയറ്റുമതി ഉടൻതന്നെ നടത്തി കേരളത്തിലെ റബ്ബർകൃഷിക്കാരുടെ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കേരള കോൺഗ്രസ് പാർട്ടിയുടെ നേതാവായി ശ്രീ. മോൻസ് ജോസഫ് ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ശ്രീ. കെ.എം. മാണി ഉന്നയിച്ച പ്രശ്നങ്ങളൊക്കെതന്നെ ഇന്നലെ ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. അതിനെല്ലാം മറുപടി പറഞ്ഞിട്ടുണ്ട്. ഈ സഭയിൽതന്നെ ധനവിനിയോഗ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഈ പ്രശ്നം ഉന്നയിച്ചു. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടിയും പറഞ്ഞു. ഇന്നലെ ഫിനാൻസ് ബില്ലിന്റെ ചർച്ചാവേളയിൽ ഈ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് ശ്രീ. ഉമ്മൻചാണ്ടി ചോദിച്ചു: സംശയരഹിതമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് മറുപടി പറയുകയും ചെയ്തു. ഇന്നിപ്പോൾ ശ്രീ. മാണി ഇത് ഉന്നയിക്കുന്നത് രാഷ്ട്രീയ പ്രേരിതമായിട്ടാണ്. അദ്ദേഹം അവസാനം ഒരു വാക്ക് പറഞ്ഞു, റബ്ബർകൃഷിക്കാരെ ഗവൺമെന്റ് കുരങ്ങുകളിപ്പിക്കുകയാണെന്ന്. സത്യത്തിൽ അത് ചെയ്യുന്നത് ബഹുമാന്യനായ ശ്രീ. കെ.എം. മാണിയാണ്. ഈ വിഷയം ശ്രീ. സി.എഫ്. തോമസും ഈ സഭയിൽ ഉന്നയിച്ചു. ശ്രീ. കെ.എം. മാണി പറഞ്ഞതുപോലെതന്നെ ശ്രീ. സി.എഫ്. തോമസും ഉന്നയിച്ചു. അതിലും ഗവൺമെന്റിന്റെ സമീപനമെന്താണെന്നുള്ളത് വ്യക്തമാക്കി. റബ്ബർകൃഷിക്കാരെ സംരക്ഷിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇപ്പോൾത്തന്നെ റബ്കോ 14500 ടൺ റബ്ബർ ശേഖരിച്ചു. മാർക്കറ്റ് വിലയേക്കാൾ ഒരു കിലോഗ്രാമിന് 50 പൈസ അധികം കൊടുത്താണ് ശേഖരിക്കുന്നത്. ഈ രീതിയിൽ മാർക്കറ്റിംഗ് ഫെഡറേഷൻ ശേഖരിച്ചത് 280 ടൺ റബ്ബർ മാത്രമാണ്. അതിന്റെ പ്രസിഡന്റ് കോൺഗ്രസ്സ് (ഐ) യുടെ നേതാവും വൈസ് പ്രസിഡന്റ് ശ്രീ. കെ.എം. മാണിയുടെ പാർട്ടിയുടെ നേതാവുമാണ്. മാർക്കറ്റിൽനിന്നും റബ്ബർ ശേഖരിക്കാനായി ആദ്യം ഗവൺമെന്റ് നിയോഗിച്ച ഏക ഏജൻസി മാർക്കറ്റിംഗ് ഫെഡറേഷനാണ്. അവരുടെ സമീപനം എന്താണ്? റബ്കോയെ രണ്ടാമത് ഗവൺമെന്റ് ഏർപ്പെടുത്തിയതാണ്. റബ്കോ 14500 ടൺ ആണ് ശേഖരിച്ചത്. അതാണ് സ്വീകാര്യമായ കാര്യമെന്ന് അദ്ദേഹം പറഞ്ഞല്ലോ. ആർക്കാണ് ആത്മാർത്ഥതയില്ലാത്തതെന്ന് ഞാൻ പറയേണ്ട കാര്യം ഇല്ലല്ലോ. എസ്.ടി.സി. ശേഖരിച്ചത് 13005 ടൺ റബ്ബർ ആണ്. അതിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എസ്.ടി.സി.ക്ക് കൊടുത്തത് 215 ടൺ മാത്രമാണ്. എന്നിട്ടും സംസ്ഥാന ഗവൺമെന്റ് ഡീലർമാരോട് പറഞ്ഞു എസ്.ടി.സി.ക്ക് റബ്ബർ കൊടുക്കണമെന്ന്. അവർ 12337 ടൺ റബ്ബർ എസ്.ടി.സിക്ക് കൊടുത്തു. എസ്.ടി.സി.ക്ക് റബ്ബർ ശേഖരിച്ച് കൊടുക്കേണ്ട പ്രധാന ഏജൻസി മാർക്കറ്റിംഗ് ഫെഡറേഷനാണ്. അവർ ഒരു വർഷം കൊണ്ട് ശേഖരിച്ചുകൊടുത്തത് 215 ടൺ റബ്ബർ മാത്രമാണ്. അവർക്ക് കൊടുക്കാനുള്ള പണം ഒരു നയാപൈസപോലുമില്ലാതെ കൊടുക്കും. അതിന് ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. അക്കാര്യം ബഹുമാനപ്പെട്ട കെ.എം. മാണിക്കും ശ്രീ. ഉമ്മൻചാണ്ടിക്കും അറിയാം. അവർ രണ്ടുപേരും ധനകാര്യമന്ത്രിമാരായിരുന്നവരാണ്. ഗവൺമെന്റിന്റെ ഉത്തരവ് അനുസരിച്ച് റബ്ബർ ശേഖരിച്ചാൽ അതിൽ വരുന്ന നഷ്ടം നികത്തി കൊടുക്കേണ്ടത് ഗവൺമെന്റാണ്. അതിന് ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരു നയാപൈസയില്ലാതെ അവരുടെ നഷ്ടം നികത്തിക്കൊടുക്കും. ഒരുഭാഗം കൊടുത്തു, ബാക്കി കൊടുക്കാനുള്ളത് കൊടുക്കും. ഒരു ഭാഗം കൂടി കൊടുക്കാനുണ്ട്. അത്.....ഇനി ഒരു ഭാഗം ക്ലിയർ ചെയ്യാനുണ്ട്. അത് അടിയന്തിരമായി കൊടുക്കുന്നതാണ്. പിന്നെ റബ്ബർ കയറ്റുമതിയെ സംബന്ധിച്ചാണ്. റബ്ബർ കയറ്റുമതിയെ സംബന്ധിച്ച് ഗവൺമെന്റിന് കിട്ടിയ വിവരമനുസ

LIBRARY ARCHIVES Kerala Legislative Assembly

രിച്ച്, ഇന്നലെ പറഞ്ഞതാണ് - സിങ്കപ്പൂരിലെ TICK JOK എന്ന കമ്പനിക്ക് 50,000 ടൺ റബ്ബർ സിങ്കപ്പൂരിൽ വിറ്റഴിക്കുന്നതിനുവേണ്ടി നൽകാൻ കഴിയുമോ യെന്ന് കേന്ദ്ര വാണിജ്യവകുപ്പുമന്ത്രിക്ക് ഒരു കത്ത് ലഭിച്ചു. ആ കത്തിന്റെ കോപ്പി വാണിജ്യവകുപ്പ് സെക്രട്ടറി റബ്ബർബോർഡിനയച്ചു. ആ കത്തിന്റെ കോപ്പി റബ്ബർ ബോർഡ് ചെയർമാൻ കൃഷി വകുപ്പ് സെക്രട്ടറിക്ക് അയച്ചു. അത് എന്റെ ശ്രദ്ധയിൽപ്പെടുത്തി. ഉടനെതന്നെ ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയും മറ്റ് മന്ത്രിമാരുമായി ചർച്ചചെയ്ത് തീരുമാനമെടുത്തു. അതായത് എന്ത് നഷ്ടം സഹിച്ചും 50,000 ടൺ റബ്ബർ സിങ്കപ്പൂരിൽ കയറ്റി അയക്കാനായി റബ്ബർ ബോർഡ് ഉത്തരവ് നൽകാനാണ് പറഞ്ഞത്. അങ്ങനെ ഉത്തരവ് നൽകി. ഇതുവരെ അവരുടെ കൈയിൽനിന്നും ഒരു ഓഫറും കിട്ടിയിട്ടില്ല. അവരുടെ പ്രതിനിധിയുമായിട്ട് ചർച്ചചെയ്യാൻ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ഡെൽഹിയിൽ പോയിരിക്കുകയാണ്. അവരുടെ പ്രതിനിധികളു മായിട്ട് ചർച്ച ചെയ്ത് അവരുടെ ഓഫർ വ്യവസ്ഥകൾ എന്തെന്ന് മനസ്സി ലാക്കി 50,000 ടൺ റബ്ബർ എന്ത് നഷ്ടം സഹിച്ചും ഈ ഗവൺമെന്റ് കയറ്റി അയക്കും. അതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ നയം. അക്കാര്യം ഇവിടെ പറഞ്ഞതാണ്. അതിൽനിന്ന് ഒരിഞ്ച് ഗവൺമെന്റ് പുറകോട്ടു പോകുന്ന പ്രശ്നമില്ല. ഇപ്പോൾ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ഫലമായിട്ട് ഗ്രേഡ് തിരിച്ച ആർ.എസ്.എസ്-4 റബ്ബറിന് 33.50 രൂപ മാർക്കറ്റ് വിലയായി കിട്ടുന്നുണ്ട്. മുമ്പ് 27 രൂപവരെയായി കുറഞ്ഞതാണ്. ഇപ്പോൾ 33 രൂപ 50 പൈസയായി. ഇനിയും ഉയരുമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രതീ ക്ഷ. റബ്ബർ ശേഖരിക്കുന്ന കാര്യത്തിലാണെങ്കിൽ ഇനിയും മാർക്കറ്റിംഗ് ഫെഡറേഷൻ വേണ്ടത്ര വിജയിച്ചിട്ടില്ല. ഇനി ഒരു കാര്യംകൂടി പറയട്ടെ: ബഹു മാന്യനായ മാണിക്ക് പാലാഴി ടയേഴ്സ് എന്ന ഒരു കമ്പനിയുണ്ട്. ആ കമ്പനി റബ്ബർ ശേഖരിക്കാൻ തയ്യാറാണെങ്കിൽ റബ്ബർ ശേഖരിക്കുന്നതിന് മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം കൊടുക്കാനും 50 പൈസ ഒരു കിലോഗ്രാ മിന് ഹാന്റ്ലിംഗ് ചാർജ്ജ് കൊടുക്കാനും സർക്കാർ തയ്യാറാണ്. അദ്ദേഹം റബ്ബർ ശേഖരിക്കാൻ മുന്നോട്ടു വരണം. അല്ലെങ്കിലും റബ്കോ വാങ്ങും. അങ്ങ് ഈ സ്ഥാപനമുണ്ടാക്കിയിട്ടുള്ളത് റബ്ബർ കൃഷിക്കാരെ സഹായിക്കാ നല്ലേ? അങ്ങ് ശേഖരിച്ചുകൊള്ളൂ. മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം കൊടുത്ത് അങ്ങ് ശേഖരിച്ചുകൊള്ളൂ. ഹാന്റ്ലിംഗ് ചാർജ്ജ് കിലോഗ്രാമിന് 50 പൈസ വച്ച് തരാം. കണക്കുതീർത്ത് കാശ് തരാം. അതിനുകൂടി അങ്ങ് തയ്യാ റാകണം. റബ്ബർകൃഷിക്കാരോട് വളരെ സഹാനുഭൂതിയാണ് സർക്കാരിനുള്ള ത്. അവരുടെ താൽപ്പര്യം സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പരമാവധി ശ്രമങ്ങൾ നടത്തുന്നുണ്ട്.

(2) ജവാൻമാരുടെ വീടുകളിൽ ടെലിഫോൺ കണക്ഷന് മുൻഗണന

<u>ശ്രീ. പി. വിശ്വൻ</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഞാൻ സഭ യുടെ മുൻപിൽ കൊണ്ടുവരികയാണ്. നമ്മുടെ നാടിന്റെ അതിർത്തി കാത്തു സൂക്ഷിക്കുന്ന ജവാൻമാർ രാജ്യത്തിന്റെ കാവൽഭടൻമാരാണ്. ഇപ്പോൾത്തന്നെ രാജ്യത്തിലേക്ക് നുഴഞ്ഞുകയറി രാജ്യത്തെ ഛിന്നഭിന്നമാക്കാൻ ശ്രമിച്ചവരെ തുരത്തി ഓടിക്കാൻ പോരാടി ജീവൻ ബലിയർപ്പിച്ച വീരയോദ്ധാക്കൾ നിരവ ധിയാണ്. ധീരയോദ്ധാക്കളുടെ വിവരമറിയാൻ ഓരോ കുടുംബത്തിനും ആ കുടുംബം അടങ്ങുന്ന നാട്ടുകാർക്കും വലിയ ഉത്കണ്ഠയുണ്ട്. ആ ഉത്കണ്ഠ വിവരണാതീതമാണ്. അതുകൊണ്ട് സഭാനേതാവിനോട് ഞാനഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly